# കേരള കാർഷിക സർവകലാശാല

പൊതുഭരണം
മെയിൻ കാമ്പസ്, വെള്ളാനിക്കര
കെ.എ.യു. (പി.ഓ.), തൃശ്ശൂർ - 680656

നം. കെ.എ.യു.ജി.എ/4003/2025-GA-C1 - തീയതി: 21-01-2026

## പരിപത്രം

വിഷയം:- കേരള കാർഷിക സർവകലാശാല - പൊതുഭരണം - പി.എച്ച്.ഡി പഠനാവധി - ബോണ്ട് & എഗ്രിമെന്റ് സമർപ്പിക്കുന്നത് - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

*****

കേരള കാർഷിക സർവകലാശാലയിൽ നിന്നും പി.എച്ച്.ഡി പഠനത്തിനായി അവധി അനുവദിക്കപ്പെട്ട അധ്യാപകർ പഠനാവധിക്കായി വിടുതൽ ചെയ്തിട്ടും ബന്ധപ്പെട്ട ബോണ്ട്, എഗ്രിമെന്റ് എന്നിവ യഥാസമയങ്ങളിൽ സമർപ്പിക്കാത്തതായി കാണുന്നു. പഠനാവധിക്കായി വിടുതൽ ചെയ്ത അധ്യാപകർക്ക് അതാത് ഓഡിറ്റ് സർക്കിളുകളിൽ നിന്നും പുതുക്കിയ സാലറി സ്ലിപ് ലഭ്യമാക്കാതെ സ്റ്റേഷൻ മേധാവികൾ സാലറി നൽകുന്നതായും നിരീക്ഷിക്കുന്നു.

പ്രൊവിഷണൽ സാലറി സ്ലിപ് - ന്റെ കാലാവധി 3 മാസം ആണ്. എന്നാൽ ജോലിയിൽ നിന്നും വിടുതൽ ചെയ്ത അധ്യാപികർക്ക് 6 മാസമായിട്ടും ബന്ധപ്പെട്ട ഓഡിറ്റ് ഓഡിറ്റ് സർക്കിളിൽ നിന്നും സാലറി സ്ലിപ് ലഭ്യമാകാതെ സാലറി നൽകുന്നുണ്ട്. സാലറി കൃത്യമായി ലഭിക്കുന്ന സാഹചര്യത്തിൽ പഠനാവധി അനുവദിച്ച അധ്യാപകർ കരാർ ഉടമ്പടികൾ യഥാസമയങ്ങളിൽ സമർപ്പിക്കുന്നില്ല . പലപ്പോഴും പഠനാവധിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ചതിനുശേഷമാണ് കരാർ ഉടമ്പടികൾ സമർപ്പിക്കുന്നത്. ഇത് ഭരണ വിഭാഗത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട് .

ആയതിനാൽ ഇക്കാര്യത്തിൽ താഴെ കാണുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള കാർഷിക സർവകലാശാലയിൽ നിന്നും പഠനാവധിക്കായി വിടുതൽ ചെയ്യുന്ന അധ്യാപകരിൽ നിന്നും വിടുതൽ ചെയ്ത് 15 ദിവസത്തിനുള്ളിൽ ബോണ്ട് & എഗ്രിമെന്റ് ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്. യഥാസമയം ബോണ്ട് & എഗ്രിമെന്റ് സമർപ്പിക്കാത്ത അധ്യാപകരുടെ വിവരങ്ങൾ സർവകലാശാല ഭരണവിഭാഗത്തെ അറിയിക്കേണ്ടതാണ്.

2. സ്ഥാപന മേധാവി ബോണ്ട് & എഗ്രിമെന്റ് പരിശോധിച്ച് തിരുത്തലുകൾ ഒന്നും ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തിരുത്തലുകൾ ഉണ്ടെങ്കിൽ പ്രസ്തുത അധ്യാപകരിൽ നിന്നും തിരുത്തൽ കുറിപ്പ് ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്. തിരുത്തൽ കുറിപ്പിൽ സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതും, സ്ഥാപന മേധാവി മേലൊപ്പിടേണ്ടതുമാണ്.

3. ബോണ്ട് & എഗ്രിമെന്റ് എന്നിവയോടൊപ്പം വിടുതൽ ഉത്തരവ്, ഗവേഷണം നടത്തുന്ന സ്ഥാപനത്തിൽ നിന്നുള്ള ജോയ്നിങ് റിപ്പോർട്ട് (സ്ഥാപന മേധാവി / മേജർ അഡ്വൈസർ

സാക്ഷ്യപെടുത്തിയത്), പഠനാവധി കാലയളവിലെ പ്രതീക്ഷിത ശമ്പള പത്രികയുടെ അസ്സൽ പകർപ്പ് (ബന്ധപ്പെട്ട ഓഡിറ്റ് സർക്കിൾ മേധാവി സാക്ഷ്യപെടുത്തിയത്) എന്നിവ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

4. പഠനാവധിക്കായി വിടുതൽ ചെയ്യുന്ന അധ്യാപകരുടെ വിവരങ്ങൾ സ്ഥാപന മേധാവികൾ യഥാസമയം ബന്ധപ്പെട്ട ഓഡിറ്റ് സർക്കിളുകളെ അറിയിക്കേണ്ടതാണ്. അതാത് ഓഡിറ്റ് സർക്കിളിൽ നിന്നുള്ള നിർദേശം ഇല്ലാതെ യാതൊരു കാരണവശാലും സാലറി അനുവദിക്കാൻ പാടുള്ളതല്ല.

SUDHEER G
DEPUTY REGISTRAR

സ്വീകർത്താവ് : കേരള കാർഷിക സർവകലാശാലയിലെ എല്ലാ സ്റ്റേഷൻ മേധാവിമാർ/ ഓഡിറ്റ് സർക്കിൾ മേധാവിമാർ

പകർപ്പ്
രജിസ്ട്രാറുടെ പി.എ/ കംപ്ട്രോളറുടെ പി. എ/ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം -II)/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം -II)/ സെക്ഷൻ ഓഫീസർ ജി.എ- സി/ സി2, സി3 സീറ്റുകൾ/ കരുതൽ ശേഖരം /മിച്ചം.